കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം തടയുന്നതിനും സിനിമാറ്റിക് ഡാൻസ്, ഫാഷൻ ഷോ എന്നിവകൾ നിരുത്സാഹപ്പെടുത്തുന്നതിനും വേണ്ടി എത്തിക്സ് കമ്മിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉന്നത വിദ്യാഭ്യാസ (ഐ) വകുപ്പ്

സർക്കാർ ഉത്തരവ് (ആർ.ടി)നം.346/05/ഉവിവ തിരുവനന്തപുരം,

തീയതി: 01.03.2005

## ഉത്തരവ്

വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം തടയുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗവും ഫോട്ടോഗ്രാഫി സൗകര്യമുള്ള മൊബൈൽ ഫോണുകളുടെ ഉപയോഗവും തടയുന്നതിനും സിനിമാറ്റിക് ഡാൻസ്, ഫാഷൻ ഷോ എന്നിവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിരുത്സാഹപ്പെടുത്തുന്നത് സംബന്ധിച്ചും സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനായി നിലവിലുള്ള നിയമ വ്യവസ്ഥകളിൽ കാലോചിതമായ മാറ്റം വരുത്തുന്നതു സംബന്ധിച്ചും 6.1.2005, 3.2.2005 തീയതികളിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിദ്യാഭ്യാസ മേഖലയിലെ വിവിധ വകുപ്പ് തലവൻമാരും ചേർന്ന് അവലോകന യോഗങ്ങൾ കൂടുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി ചർച്ച ചെയ്തു പരിശോധിക്കുകയുണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണുകളുടെ ഉപയോഗം തടയുന്നതിനും അശ്ളീല ചുവയുള്ള സിനിമാറ്റിക് ഡാൻസുകളും, ഫാഷൻ ഷോകളും പൂർണ്ണമായി ഒഴിവാക്കുന്നതിനുമായി സ്കൂൾ,/കോളേജ് തലങ്ങളിലെയും ജില്ലാ സംസ്ഥാന തലങ്ങളിലെയും അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകളുടെയും ഇതിലേക്കായി രൂപീകരിക്കപ്പെടുന്ന എത്തിക്സ് കമ്മിറ്റികളുടെയും സമ്പൂർണ്ണ സഹകരണത്തോടുകൂടി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതിലേയ്ക്കായി സ്കൂൾ കോളേജ് തലങ്ങളിലും, ജില്ലാ സംസ്ഥാന തലങ്ങളിലും താഴെ പറയുന്നവർ അടങ്ങിയ എത്തിക്സ് കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുന്നു.

<u>സ്കൂൾ/കോളേജ്</u>

ചെയർമാൻ - പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ അഥവാ ഹെഡ്മിസ്ട്രസ്

വൈസ് ചെയർമാൻ - പി.ടി.എ. പ്രസിഡന്റ്

കൺവീനർ - സ്റ്റാഫ് സെക്രട്ടറി/സ്റ്റാഫ് അഡ്വൈസറി സെക്രട്ടറി

ജോയിന്റ് കൺവീനർ - കോളേജ് യൂണിയൻ ചെയർമാൻ/സ്കൂൾ ലീഡർ

അംഗങ്ങൾ -
1. മാനേജ്മെന്റ് പ്രതിനിധി
2. എൻ.എസ്.എസ്. പ്രതിനിധി
3. എൻ.സി.സി/സ്കൗട്ട് പ്രതിനിധി അഥവാ ജെ.ആർ.സി കൗൺസിലർ
4. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തിലെ ഒരു അംഗം
5. അദ്ധ്യാപകരിൽ നിന്നോ രക്ഷാകർത്താക്കളിൽ നിന്നോ ഒരു വനിതാ അംഗം

<u>ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി</u>

കൺവീനർ - ജില്ലാ കളക്ടർ

അംഗങ്ങൾ - ഡിസ്ട്രിക്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
പൊതുവിദ്യാഭ്യാസ/കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർ

<u>സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി</u>

ചെയർമാൻ - വിദ്യാഭ്യാസ വകുപ്പു മന്ത്രി

വൈസ് ചെയർപേഴ്സൺ - രണ്ടു വനിതാ നിയമസഭാംഗങ്ങൾ

കൺവീനർ - ഉന്നത വിദ്യാഭ്യാസ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി

ജോയിന്റ് കൺവീനർ - പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി

അംഗങ്ങൾ - ഓരോ സർവ്വകലാശാലകളിലെയും യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ
ഡയറക്ടർ, പൊതുവിദ്യാഭ്യാസം
ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി
ഡയറക്ടർ, കോളേജ് വി[ദ്യാഭ്യാസം]

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം

വൈസ് ചാൻസലർ, കേരള സർവ്വകലാശാല

ഒരു ഐ.യു.സി.സി. പ്രതിനിധി

ഡയറക്ടർ, പബ്ലിക് റിലേഷൻസ്

മേൽപ്പറഞ്ഞവിധത്തിലുള്ള എത്തിക്സ് കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടുള്ള നടപടികൾ പൂർത്തിയാക്കി അതതുവകുപ്പുതലവൻമാർ സർക്കാരിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ്/പൊതു വിദ്യാഭ്യാസ വകുപ്പിലേക്ക് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പി. ജെ. തോമസ്

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

പൊതു വിദ്യാഭ്യാസ ഡയറക്ടർ

ഡയറക്ടർ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം

ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം

എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും

പകർപ്പ്: വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ

പൊതു വിദ്യാഭ്യാസ വകുപ്പ്

ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിൻെറ ഉപയോഗവും സിനിമാറ്റിക് ഡാൻസ്, ഫാഷൻ ഷോ എന്നിവയും നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

സർക്കാർ ഉത്തരവ് (ആർ.റ്റി)നം.1102/05/ഉവിവ തിരുവനന്തപുരം,

തീയതി.24.06..2005

---

പരാമർശം : സർക്കാർ ഉത്തരവ് (ആർ.റ്റി)നം.346/05/ഉവിവ തീയതി.1.3.2005

## ഉത്തരവ്

വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം തടയുന്നതിൻെറ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിൻെറ ഉപയോഗം തടയുന്നതിനും, അശ്ലീല ചുവയുള്ള സിനിമാറ്റിക് ഡാൻസ്, ഫാഷൻ ഷോ എന്നിവ നിറുത്തലാക്കുകയും ചെയ്യുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്സ് കമ്മിറ്റികൾ രൂപീകരിക്കുവാൻ പരാമർശ പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഈ നിർദ്ദേശങ്ങൾക്കു ശേഷവും മൊബൈൽ ഫോണുകളുടെ ഉപയോഗം നിർബാധം തുടരുന്നതായും അശ്ലീല ചുവയുള്ള സിനിമാറ്റിക് ഡാൻസും, ഫാഷൻ ഷോകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഇവ പൂർണ്ണമായും ഒഴിവാക്കുന്നതിനായും, കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഗവൺമെൻറ്/ ഗവൺമെൻറിതര) ഫാഷൻ ഷോ, സിനിമാറ്റിക്സ് ഡാൻസ് എന്നിവ നിരോധിച്ചിരിക്കുന്നു. എന്നാൽ അതതു സ്ഥാപനത്തിലെ എത്തിക്സ് കമ്മിറ്റികളുടെ അംഗീകാരത്തോടെ പരമ്പരാഗത കലാ സാംസ്ക്കാരിക പരിപാടികൾ നടത്താവുന്നതാണ്.

ii) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഗവൺമെൻറ്/ഗവൺമെൻറിതര) ക്യാമറ സംവിധാനമുള്ള മൊബൈൽ ഫോൺ നിരോധിച്ചിരിക്കുന്നു.

a) സ്ക്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിലുള്ള വിദ്യാലയങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളതല്ല. അദ്ധ്യാപകർ ക്ലാസിൽ മൊബൈൽ ഫോൺ കൊണ്ടുപോകാൻ പാടില്ല.

b) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലാസ്സ് മുറികളിലും ക്യാമ്പസിനകത്തും മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്തിരിക്കേണ്ടതാണ്.

iii) ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം വിദ്യാർത്ഥികളുടെ പേരിലും അദ്ധ്യാപകരുടെ പേരിലും മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനമേധാവിക്കും എത്തിക്സ് കമ്മിറ്റിക്കും അധികാരമുണ്ടായിരിക്കും.

iv) ഈ സർക്കാർ ഉത്തരവ് നടപ്പിലാക്കാത്ത സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കി, മേലധികാരികളുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു മേധാവിക്ക് അധികാരമുണ്ടായിരിക്കും.

v) സമുചിതമായ മേൽനോട്ടം വഹിച്ച് ഓരോ മാസത്തേയും റിപ്പോർട്ട് ജില്ലാതല എത്തിക്സ് കമ്മിറ്റികൾ ശേഖരിച്ച് അടുത്ത മാസം 10 ാം തീയതി സംസ്ഥാനതല കമ്മിറ്റിക്കും സംസ്ഥാനതല കമ്മിറ്റി അവലോകനറിപ്പോർട്ട് 15 ാം തീയതി മന്ത്രിക്കും സമർപ്പിക്കേണ്ടതാണ്.

3. ഇതു സംബന്ധിച്ച് മന്ത്രിതല/സെക്രട്ടറിതല അവലോകന മീറ്റിംഗ് രണ്ടു മാസത്തിലൊരിക്കൽ ഉണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബി. ശ്രീദേവി,
ഡെപ്യൂട്ടി സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
പൊതു വിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറ്
ഡയറക്ടർ, ഹയർ സെക്കൻററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻററി വിദ്യാഭ്യാസം
എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്: വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ
പൊതു വിദ്യാഭ്യാസ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കൃഷി വകുപ്പ്
തൊഴിലും പുനരധിവാസവും വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ